പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 148

# 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
നോട്ടീസ് നൽകിയത്)

816/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 148

# 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ. നോട്ടീസ് നൽകിയത്)

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്ടിന് 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് കേരളം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 232-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994-ലെ 13 ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 232-ാം വകുപ്പിൽ 1-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്. അതായത്:—

(2) അബ്കാരി ആക്ടിലോ (1077-ലെ 1) തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമായ മുൻ അനുവാദത്തോടെ അല്ലാതെയും അനുവാദത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിട്ടും അല്ലാതെ, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ യാതൊരാളും ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കാൻ പാടില്ലാത്തതാകുന്നു .

(3) വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധനാ സ്ഥലത്തിന്റെയോ അടുത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകുമ്പോൾ തൽസമയം പ്രാബല്യത്തിലുള്ള അബ്കാരി ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ നിർണ്ണയിച്ചിട്ടുള്ള ദൂരപരിധി പാലിക്കേണ്ടതും പ്രസ്തുത ദൂരപരിധിക്കുള്ളിൽ ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്ത് അനുവാദം നൽകാൻ പാടില്ലാത്തതും ആകുന്നു.

(4) പൊതു സമാധാനത്തിന്റെയോ സൻമാർഗ്ഗത്തിന്റെയോ താത്പര്യത്തെ കരുതിയോ സൗകര്യമോ ശല്യമോ കാരണമാക്കിയോ ഒരു അബ്കാരി ഷാപ്പ് ഒരു സ്ഥലത്തുനിന്നും ഇതിനായി നിർദ്ദേശിക്കുന്ന പതിനഞ്ച് ദിവസത്തിൽ കവിയാത്ത സമയ പരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റാനോ അടയ്ക്കുവാനോ ഉത്തരവ് നൽകാൻ ഒരു ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(5) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ 2012-ലെ കേരള പഞ്ചായത്ത് രാജ് ( നാലാം ഭേദഗതി) ഓർഡിനൻസ് (2012-ലെ 63) പ്രാബല്യത്തിൽ വന്ന 2012 നവംബർ 25-ാം തീയതി നിലവിലുള്ള യാതൊരു അബ്കാരി ഷാപ്പിനോ, നിലവിലുള്ള എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത തീയതിയിൽ നിലവിലുള്ള കള്ളുഷാപ്പുകൾ അവ സ്ഥാപിക്കുവാനായി അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള പ്രദേശത്ത് മാറ്റി സ്ഥാപിക്കുന്നതിനോ ബാധകമായിരിക്കുന്നതല്ല .

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

73, 74 ഭരണഘടന ഭേദഗതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരവികേന്ദ്രീകരണത്തിലൂടെ കൂടുതൽ അവകാശങ്ങൾ വ്യവസ്ഥ ചെയ്യുന്നതായിരുന്നു. പൊതുസമാധാനത്തിന് ശല്യമാകുന്ന അബ്കാരി ഷാപ്പ് അത് സ്ഥിതിചെയ്യുന്ന സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അടച്ചുപൂട്ടുവാനോ ഉത്തരവ് നൽകുവാൻ നഗരസഭകൾക്ക് അധികാരം ഉണ്ടായിരുന്നു. ഈ അധികാരം 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റിലൂടെ ഇല്ലാതായി. നഷ്ടപ്പെട്ട അധികാരം തിരികെ കൊണ്ടുവരുക എന്നതാണ് ഈ ബില്ലിൽ ഉദ്ദേശിക്കുന്നത്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ പഞ്ചായത്തുകളുടെ രേഖാമൂലം മുൻകൂട്ടിയുള്ള അനുവാദമില്ലാതെയും അനുവാദത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിട്ടുമല്ലാതെ ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അബ്കാരി ഷാപ്പ്

സ്ഥാപിക്കുവാൻ സാധിക്കുമായിരുന്നില്ല. അതുപോലെത്തന്നെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധനാലയത്തിന്റേയോ അടുത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് നിശ്ചിത ദൂരപരിധി പാലിക്കേണ്ടതും പ്രസ്തുത ദൂരപരിധിക്കുള്ളിൽ ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് അനുമതി നിഷേധിക്കുന്നതിനുള്ള അവകാശവും പഞ്ചായത്തുകൾക്ക് നൽകിയിരുന്നു. പൊതു സമാധാനത്തിനും സൻമാർഗത്തിനും ഭീഷണിയാകുന്ന ഒരു അബ്കാരി ഷാപ്പ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് നിന്നും 15 ദിവസത്തിനുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അല്ലെങ്കിൽ അടച്ചുപൂട്ടുവാനോ ഉത്തരവ് നൽകുവാനും പഞ്ചായത്തുകൾക്ക് അനുവാദം ഉണ്ടായിരുന്നു. നഗരസഭകൾക്ക് ഉണ്ടായിരുന്ന പ്രസ്തുത അധികാരം വീണ്ടും തിരികെ കൊണ്ടുവരാനാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകൾക്ക് ഉണ്ടായിരുന്ന അധികാര വികേന്ദ്രീകരണം പുനഃസ്ഥാപിക്കുന്നത് വഴി മദ്യവർജനം എന്ന ആശയം പ്രാവർത്തികമാക്കുവാൻ കഴിയും. പൂർണ്ണമായും മദ്യവർജനം വന്നാൽ മാത്രമേ നാട്ടിൽ വാഹനാപകടങ്ങൾ കുറയുകയും കുടുംബാന്തരീക്ഷം സമാധാനപൂർണ്ണമാകുകയും ചെയ്യുകയുള്ളൂ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഭേദഗതി നടപ്പിൽ വരുത്തുമ്പോൾ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.